**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3126** **07-10-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ് ഇനത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പഞ്ചായത്ത് പൊതുടാപ്പുകളിലൂടെ പൊതുജനത്തിന് ജലം വിതരണം നടത്തുന്നതിനുള്ള വാട്ടർ ചാർജായി കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റ് ഏതിനത്തിലാണ് സംസ്ഥാന സർക്കാർ വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശിക ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശിക തുക നിലവിൽ കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നുമാണ് അനുവദിച്ചു നൽകുന്നത്. |
| (ബി) | പ്രസ്തുത ഗ്രാന്റിനത്തിൽ കോർപറേഷനുകൾക്കും മുനിസിപ്പാലിറ്റകൾക്കുമായി കേന്ദ്ര സർക്കാർ അനുവദിച്ച 719 കോടി രൂപ സംസ്ഥാന സർക്കാർ എന്താവശ്യത്തിനായിട്ടാണ് വിനിയോഗിക്കുകയെന്ന് വ്യക്തമാക്കാമോ; | (ബി) | 27/03/2025-ലെ GO(Rt)No.3217/2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശിക ഇനത്തിൽ 719.16 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരുന്നു. 20/08/2025-ലെ GO(Ms)No.103/ 2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും അനുവദിച്ച തുക കെ.ഡബ്ല്യു.എ-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ സർക്കാർ ഏറ്റെടുത്ത 2,068/- കോടി രൂപയിൽ നിന്ന് ക്രമീകരിച്ച് ഉത്തരവായി. |
| (സി) | പഞ്ചായത്ത് പൊതുടാപ്പുകളിലൂടെ ജലം വിതരണം നടത്തിയയിനത്തിലെ വാട്ടർ ചാർജ് കുടിശിക തീർക്കുന്നതിനായി കേന്ദ്രം അനുവദിച്ച ഗ്രാന്റിൽ നിന്ന് സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് അതിനായി വിനിയോഗിക്കുകയെന്ന് വ്യക്തമാക്കാമോ; | (സി) | കേന്ദ്രം അനുവദിച്ച ഗ്രാന്റിൽ നിന്ന് 1405.75 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുടാപ്പുകളിലൂടെ ജലം വിതരണം നടത്തിയ ഇനത്തിലെ വാട്ടർ ചാർജ് കുടിശിക തീർക്കുന്നതിനായി വിനിയോഗിച്ചു. |
| (ഡി) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെയായി സംസ്ഥാന സർക്കാർ ജല അതോറിറ്റിക്ക് ഈ ഗ്രാന്റ് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 27/03/2025-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)No.3217/2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ 719.16 കോടി രൂപയും 30/08/2025-ലെ GO(Rt)No.7034/2025/Fin പ്രകാരം 529.91 കോടി രൂപയും, 24/09/2025-ലെ GO(Rt)No.7771/2025/Fin പ്രകാരം 156.68 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | 20/08/2025-ലെ GO(Ms)No.103/ 2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും അനുവദിച്ച തുകയായ 719.16 കോടി രൂപയും 25/09/2025-ലെ GO(Ms)No.123/ 2025/Finപ്രകാരം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ നിന്നും അനുവദിച്ച തുകയായ 529.91 കോടി രൂപയും കെ.ഡബ്ല്യു.എ-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ സർക്കാർ ഏറ്റെടുത്ത 2,068/- കോടി രൂപയിൽ നിന്ന് ക്രമീകരിച്ച് ഉത്തരവായി. |

സെക്ഷൻ ഓഫീസർ